പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1415 — 03.05.2017 ൽ മറുപടിയ്ക്ക്

# കെ.എ.എസ്സ് നടപ്പാക്കൽ

ചോദ്യം
ശ്രീ.പി.കെ.ശശി

ഉത്തരം
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

(എ) കെ.എ.എസ്സ് നടപ്പാക്കുക വഴി സംസ്ഥാനത്ത് സർവ്വീസ് മേഖലയിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് ഉയർന്നതലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്നതിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതിന്റെയും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണരംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം ഒരു പുതുതലമുറ ഭരണരംഗത്തേയ്ക്ക് കടന്നു വരേണ്ടത് അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം, കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബല മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും കഴിയേണ്ടതുണ്ട്. വികസന രംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, പദ്ധതി നിർവ്വഹണതലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതരവകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കെ.എ.എസ് രൂപീകരിക്കുന്നതിലൂടെ മാറ്റി കൊണ്ടുവരാൻ കഴിയും.

| | | | |
|---|---|---|---|
| (ബി) | സർക്കാർ ജീവനക്കാരിൽ എത്രപേർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സർവ്വീസിൽ പ്രവേശിക്കാൻ കഴിയും എന്നും ഇതു നടപ്പാക്കുക വഴി സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് എന്തെങ്കിലും നഷ്ടം സംഭവിക്കുമോ എന്ന ആശങ്ക സെക്രട്ടേറിയറ്റ് ജീവനക്കാർക്കു ഉണ്ടെങ്കിൽ ആയതെന്തെന്നും വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചുവരുന്നു |
| (സി) | കെ.എ.എസ് നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന സംഘടനകൾ ഏതെല്ലാം എന്നും,എതിർപ്പും സമരവും പ്രഖ്യാപിച്ച സംഘടനകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | (സി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകൾ ഒഴികെയുള്ള പ്രമുഖ സർവ്വീസ് സംഘടനകൾ എല്ലാംതന്നെ അനുകൂലഅഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാർ എത്രയെന്നും കെ.എ.എസ് തസ്തികയിലെ നിയമനം ഓരോ വർഷവും എത്രപേർക്ക് ലഭിക്കുമെന്നും വ്യക്തമാക്കുമോ ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ